# വെള്ളിരേഖ

## പടിഞ്ഞാറ് പുരോഹിതരാകാൻ ആളില്ല

ചോദ്യം: *ഈ നടപടിയോട് (അൽഫോൺസാമ്മയുടെ വിശുദ്ധയാക്കൽ പ്രഖ്യാപനം) യോജിക്കുന്നില്ലേ?*

ഉത്തരം: ഏത് രാജ്യത്തെയും വിശുദ്ധരെ തീരുമാനിക്കാൻ റോമിനു മാത്രം എന്ത് അധികാരം? ഈ പരിപാടി റോമിന്റെ സാമ്രാജ്യത്വവൽക്കരണത്തിന്റെ ഭാഗമാണ്. പണ്ട് ബ്രിട്ടീഷുകാർ പാണ്ടികശാലകൾ സ്ഥാപിച്ച് സാമ്രാജ്യം വളർത്തിയ പോലെ വത്തിക്കാൻ വിവിധ രാജ്യങ്ങളിൽ ആത്മീയ പാണ്ടികശാലകൾ സ്ഥാപിക്കുകയാണ്. ബ്രിട്ടീഷ് അധികാരികൾ 'സർ' സ്ഥാനം സമ്മാനിക്കുന്നതുപോലെ ഞങ്ങൾ കനിഞ്ഞ് തരുന്ന യജമാനന്മാരും നിങ്ങൾ കൈനീട്ടി സ്വീകരിക്കേണ്ട അടിയാളരും എന്ന അധികാരമനോഭാവമാണ് നാമകരണത്തിനു പിന്നിൽ.

ചോദ്യം: *എന്നാലും ഇന്ത്യയിൽ ആദ്യമായി ഒരാൾക്ക് നൽകിയില്ലേ?*

ഉത്തരം: അത് നിലനിൽപിന്റെ കൂടെ പ്രശ്നമാണ്. പാശ്ചാത്യലോകത്ത് പുണ്യവാന്മാരാക്കാൻ പറ്റിയവരെ മാത്രമല്ല, പള്ളിയിൽ പോകാൻ പോലും ആളെ കിട്ടാതായിരിക്കുകയാണ്. ഇന്ന് അവർക്ക് ഏഷ്യയിലെയും ആഫ്രിക്കയിലെയും വിശ്വാസികളെ എങ്കിലും നിലനിർത്താതെ വയ്യ. പാശ്ചാത്യലോകത്ത് പുരോഹിതരും കന്യാസ്ത്രീകളും ആകാൻ ആളില്ലാത്ത ഇന്ന് അതിനും ശരണം ഏഷ്യയും ആഫ്രിക്കയുമൊക്കെ അല്ലേ? അപ്പോൾ ഇവിടെയുള്ളവരെ ആവേശഭരിതരാക്കേണ്ടതല്ലേ. *('എല്ലാം വെറും ബിസിനസ് തന്ത്രങ്ങൾ', ജോസഫ് പുലിക്കുന്നേൽ, ഇന്ത്യാടുഡേ 2008 ഒക്ടോബർ 29).*

## വിധേയത്വ മനഃസ്ഥിതി

പഠനത്തിനാവശ്യമായ രേഖകൾ പരിശോധിക്കാൻ ലഭിക്കുക എന്നതാണ് കേരളത്തിലെ ഗവേഷകർ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രയാസം. എന്നാൽ രേഖ തേടിയെത്തുന്നവർ വിദേശികളാണെങ്കിൽ എല്ലാ വാതിലുകളും അവർക്കു മുൻപിൽ നിഷ്പ്രയാസം തുറക്കപ്പെടുന്നത് ഞാൻ കണ്ടിട്ടുണ്ട്. കോളണി വാഴ്ചക്കാലത്തെ വിധേയത്വമനഃസ്ഥിതി ഇന്നും മാറിയിട്ടില്ല. എന്നെ ആശ്ചര്യപ്പെടുത്തിയ ഒരു കാര്യമാണ് ഈ വിധേയത്വമനഃസ്ഥിതി. ഭൂമിയിൽ മറ്റെവിടെയും നടക്കാൻ ഇടയില്ലാത്ത വിധത്തിലുള്ള ഒരു വിചിത്ര വസ്തുതകൂടി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇവിടെ പഠനം നടത്താനായി വരുന്ന ഗവേഷകരിൽ പലരും ടൂറിസ്റ്റ് വിസയിലാണ് വരുന്നത്. ഇത് നിയമവിരുദ്ധമാണ്. യഥാർഥത്തിൽ പഠനത്തിനുള്ള വിസയിലാണ് അവർ വരേണ്ടത്. അതിന്റെ നിബന്ധനകളാണ് അവർ പാലിക്കേണ്ടത്. എന്നാൽ ഇതൊന്നും ഇവിടെയാരും ശ്രദ്ധിക്കുന്നില്ല. ഇങ്ങനെ പഠനം നടത്തി പോകുന്നവർ നമ്മെക്കുറിച്ച് എന്താണ് എഴുതുന്നത് എന്നുപോലും നമുക്ക് അറിയില്ല. ഇവിടെ അവർക്കൊരു ഗൈഡ് പോലുമില്ല. എന്നാൽ വിദേശത്തുപോയി ഇതുപോലെ ഗവേഷണം നടത്താൻ നമുക്ക് അനുവാദം ലഭിക്കാറില്ല. *('ചെറുത്തുനില്പുകൾ നിലച്ചു; ഞാനിപ്പോൾ അലസനാണ്', എം. ഗംഗാധരൻ മാതൃഭൂമി വാരിക 2008 നവംബർ 2)*

## ചാനലുകൾ കണ്ട മാലേഗാവ്

നമ്മുടെ 'ചാനൽ ചർച്ചകൾ കേട്ടാൽ 'മലേഗാവിൽ' സംഘപരിവാർ ശക്തികൾക്ക് ഒരു 'കൈയബദ്ധം' പറ്റിപ്പോയി എന്നാണു തോന്നുക. സത്യത്തിൽ ഇന്ത്യാ ചരിത്രത്തിൽ ബുദ്ധ-ജൈന മതങ്ങൾക്കും കീഴാളസമൂഹങ്ങൾക്കും എന്തു സംഭവിച്ചു എന്നതൊക്കെ തൽക്കാലം മാറ്റിവയ്ക്കുക. എന്നിട്ട് സംഘപരിവാരത്തിന്റെ സൈദ്ധാന്തിക ഗ്രന്ഥങ്ങളും പുറത്തിറക്കിയ ലഘുലേഖകളും നേതാക്കന്മാരുടെ പ്രസ്താവനകളും മാത്രം അടുത്തുവച്ചു വായിക്കുക. അപ്പോൾ തിരിച്ചറിയപ്പെടാതെ പോകുന്ന ഭീകരതകളുടെ നാളിതുവരെയുള്ള അസൽചിത്രം പുറത്തുചാടും! സ്വാതന്ത്ര്യാനന്തരം മാത്രം ഇന്ത്യയിൽ സംഭവിച്ച 'കരൾപിളർക്കും' സംഭവങ്ങളുടെ മാത്രം ചരിത്രമോർത്താൽ സംഘഭീകരതകളുടെ ചുരുളഴിയും. 1948-ലെ ഗാന്ധിവധം മുതൽ ഒറീസയിലെ കാണ്ഡമാൽ വരെ വ്യാപിച്ചു കിടക്കുന്ന 'വൻഭീകരതകൾ' വേണ്ടവിധം കാണാതെ മലേഗാവിനെക്കുറിച്ചു മാത്രം ചർച്ചചെയ്യുന്നതുകൊണ്ട് ഒരു കാര്യമില്ല. പാപ്പിയോൺ പുറത്തിറക്കിയ ഹിറ്റ്ലറുടെ ആത്മകഥയായ 'മെയ്ൻകാംഫിന്റെ' മുൻകവറിൽ നോർമൻ കസിൻസിന്റെ ഒരു വാക്യം ഇങ്ങനെ കുറിച്ചിട്ടിരിക്കുന്നു: 'മെയ്ൻ കാംഫിലെ ഓരോ വാക്കിനും നൂറ്റിരുപത്തിയഞ്ച് ജീവിതങ്ങൾ നഷ്ടമായി. ഓരോ പേജിനും നാൽപത്തിയേഴായിരം മരണങ്ങൾ. ഓരോ അധ്യായത്തിനും 12 ലക്ഷം മരണം.' ഇന്ത്യൻ ഫാഷിസത്തിന്റെ അടിസ്ഥാനഗ്രന്ഥമായ 'വിചാരധാര'യെ മുൻനിർത്തി ഇങ്ങനെയൊരു നിരീക്ഷണം ഇനിയും നിർവഹിക്കപ്പെടാനാണിരിക്കുന്നത്. *('ഇവരെന്തുതരം സന്യാസികൾ?', കെ.ഇ.എൻ, മംഗളം ദിനപത്രം, 28 ഒക്ടോബർ '08 പേ. 6).*

## തൂക്കമൊപ്പിക്കൽ നിരോധനം

ബജ്റംഗ് ദളിനെയും എൻ.ഡി.എഫിനെയും നിരോധിക്കണമെന്ന ആവശ്യമുയർന്നിട്ടുണ്ട്. ബജ്റംഗ്ദളിനെ നിരോധിക്കണമെന്ന ആവശ്യപ്പെടുന്ന പലർക്കും എൻ.ഡി.എഫിനെ നിരോധിക്കണമെന്ന അഭിപ്രായമില്ല. എൻ.ഡി.എഫിനെ നിരോധിക്കണമെന്ന് അതിശക്തിയായി വാദിക്കുന്ന പലരും ബജ്റംഗ്ദളിനെക്കുറിച്ച് കേട്ടതായിപോലും നടിക്കുകയില്ല. മതേതരവാദികൾ രണ്ടുകൂട്ടരെയും നിരോധിക്കണമെന്ന് ആവശ്യപ്പെടും. എന്നുമാത്രമല്ല, രണ്ടു കൂട്ടരെയും ഒന്നിച്ചേ അവർ നിരോധിക്കൂ. അതവരുടെ ഒരു ദൗർബല്യമാണ്. രണ്ടുപക്ഷത്തെയും ബാലൻസ് ചെയ്യണം. ഒരു ഹിന്ദു തീവ്രവാദി സംഘടനയെ നിരോധിക്കുമ്പോൾ ഒരു മുസ്ലിം സംഘടനയെക്കൂടി നിരോധിക്കണം. ആ സംഘടന തീവ്രവാദി സംഘടനയാണോ എന്ന് പിന്നീട് നോക്കാനേ പറ്റൂ. അടിയന്തരാവസ്ഥയിൽപോലും ഈ തത്ത്വം വിട്ടുകളഞ്ഞില്ല. ബാബ്റി മസ്ജിദ് തകർത്ത ഘട്ടത്തിൽ പീഡിത പക്ഷത്തായിരുന്നു മുസ്ലിം സംഘടനകൾ. പക്ഷേ, ബാലൻസ് തെറ്റാതിരിക്കാൻ അക്കൂട്ടത്തിലെ ഒന്നിനെയും നിരോധിച്ചു. ബാലൻസ് തെറ്റിയാൽ മതേതരത്വത്തിന്റെയും ബാലൻസ് തെറ്റും. *(വാക്കൗട്ട് വ്യാമോഹം, വിശേഷാൽ പ്രതി- ഇന്ദ്രൻ, മാതൃഭൂമി ദിനപത്രം 2008 ഒക്ടോബർ 27, പേജ് 4).*